# പതിനാലാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 845** 04.03.2020 ലെ മറുപടി

## ചെല്ലാനത്ത് കടലാക്രമണ പ്രതിരോധ പ്രവൃത്തി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ചെല്ലാനം ഗ്രാമപഞ്ചായത്തിലെ കടലാക്ര മണം തടയുന്നതിനായി 16.01.2018-ന് എട്ട് കോടി രൂപയ്ക്ക് ഭരണാനുമതി നല്കിയതും കരാറുകാരൻ സമയബന്ധിതമായി പണി ചെയ്യാത്തതിനാൽ 12.06.2019-ന് ചേർന്ന യോഗതീരുമാനപ്രകാരം കരാർ റദ്ദാക്കാൻ തീരുമാനമെടുക്കുകയും എന്നാൽ കോടതി നിർദ്ദേശപ്രകാരം സമയം ദീർഘിപ്പിച്ചു നൽകുകയും ചെയ്ത പ്രവൃത്തിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) കോടതി നിർദ്ദേശ പ്രകാരം പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നല്കിയ പ്രവൃത്തി, കാലാവധി അവസാനിക്കാറായിട്ടും കരാറുകാരന്റെ ഭാഗത്ത് നിന്നും പണി ചെയ്തു തീർക്കുവാനുള്ള ഫലപ്രദമായ യാതൊരുവിധ പരിശ്രമവും ഉണ്ടാകാത്ത സാഹചര്യത്തിലും കോടതിവിധിയുടെ വെളിച്ചത്തിൽ 18/01/2020-ൽ ചീഫ് എൻജിനീയറുടെ കാര്യാലയത്തിൽ എടുത്ത തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ കരാറുകാരന് നൽകിയ 5 പ്രവൃത്തികളുടെയും കരാർ, കരാറുകാരന്റെ നഷ്ടോത്തരവാദി ത്വത്തിൽ 20/01/2020-ൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ റദ്ദ് ചെയ്ത് ഉത്തരവായിട്ടുണ്ട്. ബാക്കി പണികൾ ക്രമീകരിക്കുന്നതിന്റെ ഭാഗമായി ഷോർട്ട് ടെണ്ടർ ഇ-പ്രൊക്യൂർമെന്റ് വഴി പരസ്യം ചെയ്തിരുന്നുവെങ്കിലും കരാറുകാരുടെ ഭാഗത്ത് നിന്നും യാതൊരു പ്രതികരണവും ലഭിച്ചില്ല. ആയതിനാൽ നെഗോഷ്യേറ്റഡ് ക്വട്ടേഷൻ ക്ഷണിക്കുകയും, പ്രവൃത്തിയുടെ അടിയന്തിര സ്വഭാവം കണക്കിലെടുത്ത് കരാറുകാരനിൽ നിന്നും ബാങ്ക് ഗ്യാരൻറിയായി എസ്റ്റിമേറ്റ് പി.എ.സി-യുടെ 5 ശതമാനം അടച്ച് സർക്കാർ അംഗീകരിക്കുന്ന തുകയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാമെന്ന ഒരു അണ്ടർ ടേക്കിംഗ് ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിന് 26/02/2020 - ൽ വർക്ക് ഓർഡർ നൽകുകയുണ്ടായി. |

| | | | |
|---|---|---|---|
| (ബി) | അടുത്ത കാലവർഷം വരുന്നതിന് മുൻപ് പ്രസ്തുത പ്രവൃത്തി പൂർത്തികരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ; | (ബി) യും (സി) യും | അടുത്ത കാലവർഷം വരുന്നതിന് മുമ്പ് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഉണ്ടെങ്കിൽ ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**